# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 547 - 11.06.2013-ലെ മറുപടിക്ക്

### എ.പി .എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി

**ചോദ്യം**
**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)എ.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി നൽകുമെന്ന ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | 3 ലക്ഷം രൂപ വരെ വാർഷിക കുടുംബവരുമാനമുള്ള തൊഴിൽ രഹിതരായവരുടെ 2004 മുതൽ 2009 വരെയുള്ള കാലത്തെ വിദ്യാഭ്യാസ വായ്പയുടെ പലിശ സബ്സിഡി സർക്കാർ ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ആയത് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് 3 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് പലിശ സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ, ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ; | |
| (സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**